പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**കോൺസ്റ്റബിൾ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് എ.എസ്.ഐ,.**

**എസ്.ഐ. ഗ്രേഡുകൾ**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5499 18/11/2019-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോൺസ്റ്റബിൾ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് സബ് ഇൻസ്പെക്ടർ (ഗ്രേഡ്), അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്) എന്നീ ഗ്രേഡുകൾ അനുവദിക്കുന്നുണ്ടോ; | (എ) | അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | കോൺസ്റ്റബിൾ റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥർക്ക് മേൽപറഞ്ഞ പ്രകാരമുള്ള ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ട്; | (ബി) & (സി | 19.10.2019-ലെ സർക്കാർ ഉത്തരവ് നം. 161/19/ആഭ്യ പ്രകാരമുള്ള ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിക്കുന്നതിനുള്ള കാലപരിധി കുറച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ കൃത്യമായ എണ്ണം പറയാനാകുകയുള്ളൂ |
| (സി) | സീനിയോറിറ്റി മറികടന്ന് ആർക്കെങ്കിലും പ്രസ്തുത ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ടോ; | | |
| (ഡി) | അന്തർ ജില്ലാ സ്ഥലമാറ്റത്തിലൂടെ വന്നിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ജി.ഒ.(പി) നം.36/91/ഉ.ഭ.പ.വ, ജി.ഒ.(പി) നം.42/12/ ഉ.ഭ.പ.വ, പ്രകാരമുള്ള പ്രസ്തുത ഗ്രേഡുകൾ അനുവദിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (ഡി), (ഇ), (എഫ്) & (ജി) | 22/08/2006-ലെ സർക്കാർ ഉത്തരവ് നം. 142/2006/ആഭ്യന്തരം പ്രകാരം 2006 മുതലാണ് ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച് നൽകി തുടങ്ങിയത്. ആയതിനാൽ ചോദ്യത്തിൽ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകൾ ഗ്രേഡ് ഡെസിഗ്നേഷനുമായി ബന്ധപ്പെട്ടതാണെന്ന് പരിശോധനയിൽ കാണാൻ സാധിക്കുന്നില്ല. നിലവിൽ 19/10/2019-ലെ സർക്കാർ ഉത്തരവ് നം. 161/19/ആഭ്യ പ്രകാരമാണ് ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച് വരുന്നത്. |
| (ഇ) | ഇത്തരക്കാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് മുമ്പുള്ള സർവീസ് പ്രസ്തുത ഗ്രേഡുകൾക്ക് പരിഗണിക്കുമോ; | | |
| (എഫ്) | എങ്കിൽ ആയത് അന്തർ ജില്ലാ സ്ഥലംമാറ്റത്തെ സംബന്ധിച്ചുള്ള ഉത്തരവുകളുടെ ലംഘനമാകുമോയെന്ന് വെളിപ്പെടുത്താമോ; | | |
| (ജി) | അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവുകൾ മറികടന്ന് നൽകിയിട്ടുള്ള പ്രസ്തുത ഗ്രേഡുകൾ റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ